**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1934** **13-02-2025 - ൽ മറുപടിയ്ക്ക്**

**പാലുല്പാദനത്തിൽ സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പാലുല്പാദനത്തിൽ സ്വയംപര്യാപ്തതയെന്ന ലക്ഷ്യം എത്രമാത്രം പ്രാവർത്തികമായെന്ന വിശദാംശം ലഭ്യമാക്കുമോ; | (എ) | പാലുല്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനായി ക്ഷീരവികസന വകുപ്പ് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽകൃഷി വികസനം, മിൽക്ക് ഷെഡ് വികസന പദ്ധതി, ക്യാറ്റിൽ ഫീഡിംഗ് സബ്സിഡി, ക്ഷീരഗ്രാമം പദ്ധതി, കിടാരി പാർക്ക് പദ്ധതി, ഗുണനിലവാരമുള്ള പാൽ ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി, ഉരുക്കളുടെ ആരോഗ്യ സംരക്ഷണത്തിനായുള്ള പദ്ധതി, കാലിത്തൊഴുത്തും ഫാമിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയതു വഴി കന്നുകാലി സമ്പത്ത് വർദ്ധിക്കുകയും ആയതിനനുസരിച്ച് പാൽ ഉത്പാദനം വർദ്ധിക്കുകയും ചെയ്തു. ഉൽപ്പാദന ചെലവ് കുറച്ച് പാൽ ഉത്പാദനം ആദായകരമാക്കുന്നതിനും, ഉരുക്കളുടെ ആരോഗ്യ സംരക്ഷണവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നു. ആയത് ക്ഷീരകർഷകരുടെ സാമൂഹിക സാമ്പത്തിക ഉന്നമനം ഉറപ്പാക്കി പാലുല്പാദനം സ്വയംപര്യാപ്തതയിലെത്തിക്കുന്നതിന് സഹായകരമാവും വിധമാണ് ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്നത്.<br><br>മിൽമയുടെ മേഖലാ യൂണിയനുകൾ വഴിയുള്ള പ്രതിദിന പാൽ സംഭരണത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തിൽ എത്തിയപ്പോഴേക്കും 10 വർഷം കൊണ്ട് 26.13 ശതമാനത്തിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്.<br><br>മലബാർ മേഖലയിൽ ആവശ്യമായ പാൽ മലബാർ മേഖലയിൽത്തന്നെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുണ്ട്. എറണാകുളം മേഖലയിൽ യൂണിയൻ |

| | | | |
|---|---|---|---|
| | | | ആവശ്യമുള്ളതിന്റെ 85 ശതമാനത്തോളം പാൽ ആഭ്യന്തരമായി സംഭരിക്കുന്നുണ്ട്. |
| (ബി) | ഈ മേഖലയിൽ ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധികൾ എന്തൊക്കെയാണെന്നും അവ പരിഹരിക്കുന്നതിന് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമെണെന്നും വ്യക്തമാക്കുമോ? | (ബി) | ക്ഷീരകർഷകർ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി പാലുല്പാദന ചെലവ് വർദ്ധനവും, തീറ്റപ്പുല്ലിന്റെ ലഭ്യത കുറവും ആണ്. ഇത് പരിഹരിക്കുന്നതിനായി തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ, ഡയറി ഫാം ആധുനികവത്കരിക്കുന്നതിനും യന്ത്ര വത്കരിക്കുന്നതിനുമുള്ള പദ്ധതികൾ, ഉരുക്കളുടെ ആരോഗ്യ സംരക്ഷണത്തിനും ഉത്പാദനക്ഷമത വർദ്ധനവിനുമായുള്ള പദ്ധതികൾ, പാലിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്നിവ വകുപ്പ് നടപ്പിലാക്കി വരുന്നു. ഇവകൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് ഉപയോഗിച്ച് പാലിന് സബ്സിഡി, കാലിത്തീറ്റ വിതരണ പദ്ധതി, ഡയറി ഫാമുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, ഉരുക്കളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി എന്നിവയും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്നു.<br><br>പാലുല്പാദന ചെലവ് കുറച്ച് ക്ഷീരകർഷകരുടെ സാമൂഹിക സാമ്പത്തിക ഉന്നമനം ഉറപ്പാക്കി കൊണ്ട് ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധികളെ തരണം ചെയ്യുന്നതിന് വ്യത്യസ്തങ്ങളായ പദ്ധതികൾ ക്ഷീരവികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ഗുണനിലവാരമുള്ള കാലിത്തീറ്റ, ഇതര തീറ്റ വസ്തുക്കൾ, പച്ചപ്പുല്ല്, വൈക്കോൽ, സൈലേജ് തുടങ്ങിയ തീറ്റ വസ്തുക്കൾ സബ്സിഡി നിരക്കിൽ മിൽമ കർഷകർക്ക് ലഭ്യമാക്കുന്നു. മേഖലാ യൂണിയനുകൾ നൽകിവരുന്ന സബ്സിഡിക്കു പുറമേ ഫെഡറേഷനും മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റ ചാക്ക് ഒന്നിന് 100 രൂപ സബ്സിഡി നൽകി വരുന്നുണ്ട്. ഉൽപാദനോപാധികളും തൊഴുത്ത് നിർമ്മാണത്തിനുള്ള സഹായങ്ങൾ, കൃത്രിമ ബീജധാന സഹായം എന്നിവയും കർഷകർക്ക് നൽകുന്നുണ്ട്. ക്ഷീരകർഷകർക്ക് സ്ഥിരമായ വിലയും വിപണിയും ഉറപ്പുവരുത്തിക്കൊണ്ട്, കർഷകർ ക്ഷീരസഹകരണ സംഘങ്ങളിലൊഴിക്കുന്ന പാലിന് ഗുണനിലവാരത്തിനനുസരിച്ച വില കൃത്യമായ ഇടവേളകളിൽ നൽകി വരുന്നുണ്ട്. സംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ മാർക്കറ്റിംഗ് സർപ്ലസ് ഡയറികളിലെത്തിക്കുകയും അത് ഉൽപാദന പ്രക്രിയയ്ക്ക് വിധേയമയാക്കി പാലും പാലുൽപ്പന്നങ്ങളുമാക്കി വിൽപ്പന നടത്തി ലഭിക്കുന്ന |

| | | | |
|---|---|---|---|
| | | | ആദായത്തിൻറെ 83 ശതമാനവും കർഷകരിലേക്ക് പാൽ വിലയായും മറ്റാനുകൂല്യങ്ങളുമായി തിരികെ നൽകുന്നു.<br><br>മിൽമ, അതാത് കാലങ്ങളിൽ വിവിധ കാലിത്തീറ്റ സബ്സിഡികൾ നൽകിക്കൊണ്ടും സംഘങ്ങൾ വഴി കുറഞ്ഞ വിലയ്ക്ക് പുല്ലും ചോളത്തണ്ടുമെല്ലാം എത്തിച്ചുകൊണ്ടും, മറ്റനേകം കർഷക ക്ഷേമപ്രവർത്തനങ്ങളായും പ്രവർത്തന ലാഭത്തിന്റെ 98 ശതമാനവും ക്ഷീരകർഷരിലേക്ക് തന്നെ തിരികെ എത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ